

# ഭൂമിയോ മനുഷ്യരോ പ്രശ്നം ?

ഡോ. കെ. ശാരദാമണി

ഒന്നുരണ്ടു മാസമായി ഏതു പത്രമെടുത്താലും ടി.വി. തുറന്നാലും പശ്ചിമ ബംഗാളിലെ സിംഗൂർ, നന്ദിഗ്രാം എന്നിവിടങ്ങളിൽ നടക്കുന്ന സംഭവങ്ങളാണ് നാം പ്രധാനമായി കാണുന്നത്. എന്നാൽ അവയ്ക്കു പുറമെ ഭൂമി, വെള്ളം, കൃഷി, ഭൂവുടമാ സമ്പ്രദായങ്ങൾ എന്നിവയെപ്പറ്റി പല ചർച്ചകളും നടക്കുന്നുണ്ട്. അങ്ങനെ ഒന്നിൽ ഞാൻ ഈയിടെ പങ്കെടുക്കുകയുണ്ടായി. അവിടെ ഉയർന്നുവന്ന ചില ആശയങ്ങളും അഭിപ്രായങ്ങളും കൂടുതൽ ആളുകൾ അറിയണമെന്നും ചർച്ച ചെയ്യണമെന്നും തോന്നിയതുകൊണ്ടാണ് ഈ ചെറിയ ലേഖനം.

ആഗോളീകരണത്തിന്റെ കാലഘട്ടത്തിൽ കോൺട്രാക്റ്റ് ഫാർമിംഗ്, ഭൂഉടമബന്ധങ്ങൾ, ഭൂപരിഷ്കരണം എന്നിവയായിരുന്നു ചർച്ചാ വിഷയങ്ങൾ. ചർച്ചയിൽ പങ്കെടുത്തവരിൽ ഉന്നത ഉദ്യോഗസ്ഥർ (beaurocrats), അക്കാദമികർ, ആക്റ്റിവിസ്റ്റുകൾ എന്നു അറിയപ്പെടുന്നവർ എല്ലാമുണ്ടായിരുന്നു. ഇല്ലാതിരുന്നവർ യഥാർത്ഥത്തിൽ കൃഷിയും ഭൂമിയുമായി ബന്ധമുള്ളവരും. രണ്ടു ദിവസമായിരുന്നു ചർച്ച.

ആദ്യത്തെ ദിവസം കോൺട്രാക്റ്റ് ഫാർമിംഗിനെപ്പറ്റി ആയിരുന്നു പ്രധാന ചർച്ച. കർഷക സംസ്ഥാനമെന്നു അറിയപ്പെടുന്ന പഞ്ചാബിൽ നിന്നു വന്നവർ പോലും ശരാശരി കൃഷിയിടങ്ങളുടെ വിസ്തൃതി തീരെ ചെറുതാണെന്നു പറഞ്ഞു. ജനസംഖ്യാവർദ്ധനവാണ് പ്രധാന കാരണമായി പലരും ചൂണ്ടിക്കാണിച്ചത്. നമ്മുടെ നാട്ടിൽ കൃഷി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഉൽപാദനവും ഉൽപാദനക്ഷമതയും കുറവ്. ഇതുതന്നെയാണ് കേന്ദ്ര ധനകാര്യമന്ത്രി ബജറ്റ് അവതരണവേളയിൽ നമ്മളോടു പറഞ്ഞതും. ചുരുക്കത്തിൽ ഐ.ടി., ടൂറിസം, മുതലായ മേഖലകൾ പോലെ നമ്മുടെ സമ്പദ്ഘടനയെ വീർപ്പിക്കുന്ന ഒന്നല്ല നമ്മുടെ കൃഷിയിടങ്ങൾ എന്നാണ് നമ്മൾ ചുറ്റുപാടും കേൾക്കുന്നത്. ഈ പറയുന്നവർ ഓർക്കാത്ത ഒരു കാര്യമുണ്ട്. നമ്മൾ ധാന്യ ഇറക്കുമതിയെ ആശ്രയിക്കേണ്ടിവന്ന കുറച്ചു കാലമൊഴികെ നമ്മളെ തീറ്റിപ്പോറ്റിയത്, സ്വന്തം വയറു മുറുക്കികെട്ടി, കഠിനാധ്വാനം ചെയ്ത നമ്മുടെ കർഷകരാണ്. തീരെ നിവൃത്തിയില്ലാതെ ആയപ്പോഴാണ് അവർ ആത്മഹത്യയിലേക്കു തിരിഞ്ഞത്. അവർക്ക് ജീവിതത്തിൽ സ്വല്പം സുരക്ഷിതത്വം നൽകുന്ന തുണ്ട് ഭൂമിയിലാണ് ദേശ-വിദേശ കൊമ്പന്മാരുടെ കണ്ണ്. അതിനു പുറകിലുള്ള ന്യായീകരണമാണ് ശ്രദ്ധിക്കേണ്ടത്. നമ്മുടെ ചെറുകൃഷിക്കാർക്ക് കാര്യക്ഷമമായി ഉൽപാദനം നടത്താനാവുന്നില്ല. അപ്പോൾ പിന്നെ എന്തു ചെയ്യും?ഒന്നുകിൽ ഭൂമിയും നാടും വിട്ടു പോകുക; അല്ലെങ്കിൽ വൻകിട ആഗ്രോ-ബിസിനസ്സുകാരുടെ വളവും വിത്തും വാങ്ങി അവർക്കു വേണ്ടത് ഉൽപാദിപ്പിച്ചുകൊടുക്കുക. എന്നാൽ ഭൂമി കൃഷിക്കു മാത്രമല്ല വേണ്ടത്. നമ്മുടെ രാജ്യവും സംസ്ഥാനവും ഇന്ന് ഏർപ്പെട്ടിരിക്കുന്ന എല്ലാ 'വികസന' പ്രവർത്തനങ്ങൾക്ക് ഭൂമി ആവശ്യമാണ്. കടലും. കായലും, പാടങ്ങളും നികത്തി കാർഷികേതര ആവശ്യങ്ങൾ നിർവഹിക്കുന്നതു നമുക്കറിയാം. പക്ഷെ, 'ആധുനിക' ജീവിതത്തിനു വീതി കൂടിയ റോഡുകൾ, പലതരം പാലങ്ങൾ, വ്യക്തികൾ - സർക്കാർ - സ്ഥാപനങ്ങൾ എന്നിങ്ങനെ പലതരം ആവശ്യക്കാർക്കു വേണ്ട കെട്ടിടങ്ങൾ. നീന്തൽകുളങ്ങൾ, എമ്യൂസ്മെന്റ് പാർക്കുകൾ, റെയിൽവെ, എയർപോർട്ട്, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിങ്ങനെ അവസാനമില്ലാത്ത ആവശ്യങ്ങൾ അടങ്ങുന്ന ലിസ്റ്റുണ്ട് ഭൂമി ആവശ്യപ്പെടുന്നവരുടെ കയ്യിൽ. ഇതിനു പുറമെയാണ് വാണിജ്യമന്ത്രാലയത്തിന്റെയും കേന്ദ്രത്തിന്റെയും ആശീർവാദത്തോടെ രാജ്യത്തെമ്പാടും തുടങ്ങാനുദ്ദേശിക്കുന്ന special economic zones ന് ആവശ്യമായി വരുന്ന ഭൂമി. ഈ സ്ഥലങ്ങൾ ഒടുവിൽ എന്താകുമെന്നും ആരുടെ കയ്യിലിരിക്കുമെന്നും കണ്ടറിയണം. ഇവർക്കെല്ലാം സർക്കാർ ഇടപെട്ട് ഭൂമി ഏർപ്പാടാക്കി കൊടുക്കണമെന്നാണ് താൽപര്യം. സിംഗൂറും നന്ദിഗ്രാമും സൃഷ്ടിക്കുന്ന വാർത്താകോലാഹലങ്ങൾ കെട്ടടങ്ങുമെന്ന് അവർ വിശ്വസിക്കുന്നുണ്ടാകും.

ഈ അവസരത്തിൽ ചില ചോദ്യങ്ങൾക്ക് മറുപടി തരാൻ സർക്കാരിനെ നിർബന്ധിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. അതേ സമയം നമ്മളും അത് നമ്മോടു തന്നെ ചോദിക്കേണ്ടതുണ്ട്. **ഒന്ന്, എന്താണ് വികസനം, ആർക്കു വേണ്ടി? രണ്ട്, സാമ്പത്തിക-സാമൂഹ്യ തലങ്ങളിൽ വർദ്ധിച്ചു വരുന്ന അന്തരം നമ്മുടെ ഭരണഘടനയുടെ അനുശാസനങ്ങൾക്കു വിരുദ്ധമല്ലേ? ഈ അന്തരം വർദ്ധിപ്പിക്കുന്നതല്ലേ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും പരിഷ്ക്കാരങ്ങളും? മൂന്ന്, കൃഷിക്ക്, പ്രത്യേകിച്ച് ഭക്ഷ്യസാധനങ്ങളുടെ ഉൽപാദനത്തിന്, നമ്മുടെ സാമ്പത്തിക ഘടനയിൽ എന്താണ് സ്ഥാനം? കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജീവിതത്തിനും സുരക്ഷിതത്വവും ജോലിക്കു സ്ഥിരതയും മാന്യതയും നൽകാൻ സർക്കാരിനു ബാദ്ധ്യതയില്ലേ? നാല്, മാരകമായ വളങ്ങളും, കീടനാശിനികളും ഉപയോഗിക്കുന്നതുമൂലം മണ്ണിന്റെയും മനുഷ്യരുടെയും ആരോഗ്യത്തിന് ഏൽക്കുന്ന ക്ഷതം നമ്മളോ സർക്കാരോ ഗൗരവമായി എടുക്കുന്നുണ്ടോ? അഞ്ച്, ആഗോളതലത്തിൽ ഉഷ്ണം വർദ്ധിക്കുന്നതിനും കുടിവെള്ളം കിട്ടാതെ വരുന്നതിനും മഞ്ഞുകട്ടികൾ ഉരുകുന്നതിനും നദികൾ വറ്റി മരിക്കുന്നതിനും പിന്നിൽ മനുഷ്യരുടെ അതിമോഹവും ആക്രമണവാസനയുമില്ലേ?**

ഇതിനെതിരായി ഒറ്റയ്ക്കും കൂട്ടായും ശബ്ദമുയർത്താനും പ്രവർത്തിക്കാനും നമുക്ക് സന്നദ്ധമാകാം.